LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സർക്കാർ മേഖലയിൽ കോവിഡ്-19 ടെസ്റ്റുകൾ നടത്തുന്നതിനാവശ്യമായ ടെസ്റ്റ് കിറ്റുകളും അതിനാവശ്യമായ കൺസ്യൂമബിൾസുകളും വാങ്ങി നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 4-8-2021-വരെ 438.28 കോടി രൂപയുടെ വിതരണ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഇതിൽ 53.87 കോടി രൂപ ദേശീയാരോഗ്യ ദൗത്യത്തിലെ ഫണ്ടും 384.41 കോടി രൂപ സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്.

കോവിഡ് വാക്സിനേഷൻ സ്പോട്ട് രജിസ്ട്രേഷൻ

254 (4979) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് കണക്ടിവിറ്റിയും മൊബൈൽ കവറേജും ഇല്ലാത്ത/കുറവായ സ്ഥലങ്ങളിൽ ജനങ്ങൾക്ക് വാക്സിനേഷന് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള എല്ലാ അധികാരവും കോവിഡ് വാക്സിനേഷനുള്ള ജില്ലാ ടാസ്ക് ഫോഴ്സിന് നൽകിയിട്ടുണ്ട്. സ്മാർട്ട് ഫോൺ/ഇന്റർനെറ്റ് ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉപയോഗിച്ച് പ്രതിരോധ കുത്തി വയ്പ്പ് നടത്തുന്നു. ഇതിന് വേണ്ടി സംസ്ഥാനം "വേവ് - വാക്സിൻ ഇക്വിറ്റിക്ക് വേണ്ടി പ്രവർത്തിക്കുക" എന്ന കാമ്പെയ്നും ആരംഭിച്ചിട്ടുണ്ട്. അത്തരം ഗുണഭോക്താക്കളെ അണി നിരത്തുന്നതിന് ആശാ പ്രവർത്തകരുടെയും എൽ.എസ്.ജി.ഡി. ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. ആശാവർക്കർമാരുടെ സേവനം ഉപയോഗിച്ചാണ് ഈ കൃത്യം നിർവ്വഹിച്ചുവരുന്നത്. ആശാവർക്കർമാരാണ് വാർഡ് തലത്തിൽ രജിസ്ട്രേഷൻ കോവിൻ പോർട്ടലിൽ നടത്തുന്നത്. രജിസ്ട്രേഷൻ വീടുകളിൽ ചെന്നും പൊതുവായ സ്ഥലത്ത് വച്ചും നടത്തുന്നു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്.

(ബി) ഇത്തരം പ്രദേശങ്ങളിൽ പൂർണ്ണമായും സ്പോട്ട് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ അനുവാദം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള എല്ലാ അധികാരവും കോവിഡ് വാക്സിനേഷനുള്ള ജില്ലാ ടാസ്ക് ഫോഴ്സിന് നൽകിയിട്ടുണ്ട് സ്മാർട്ട് ഫോൺ/ഇന്റർനെറ്റ് ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു. ഇതിനുവേണ്ടി സംസ്ഥാനം "വേവ് - വാക്സിൻ ഇക്വിറ്റിക്ക് വേണ്ടി

പ്രവർത്തിക്കുക" എന്ന ക്യാമ്പെയിനും ആരംഭിച്ചിട്ടുണ്ട്. അത്തരം ഗുണഭോക്താക്കളെ അണി നിരത്തുന്നതിന് ആശാ പ്രവർത്തകരുടെയും എൽ.എസ്.ജി.ഡി. ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. ആശാ വർക്കർമാരുടെ സേവനം ഉപയോഗിച്ചാണ് ഈ ക്യാമ്പയിൻ നടത്തി വരുന്നത്. ആശാവർക്കർമാരാണ് വാർഡ് തലത്തിൽ രജിസ്ട്രേഷൻ കോവിൻ പോർട്ടലിൽ നടത്തുന്നത്. രജിസ്ട്രേഷൻ വീടുകളിൽ ചെന്നും പൊതുവായ സ്ഥലത്ത് വച്ചും നടത്തുന്നു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്.

കോവിഡ് -19 മൂന്നാം തരംഗം

255 (4980) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 മൂന്നാം തരംഗത്തെ നേരിടാൻ സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെ തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly